# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം-2

2019 ജനുവരി 29

നമ്പർ :621

**തെരഞ്ഞെടുപ്പ് ഹർജിയിന്മേൽ ഹൈക്കോടതി നിയമസഭാംഗത്വം റദ്ദാക്കിയ അംഗത്തിന് നിയമസഭാ നടപടികളിൽ പങ്കെടുക്കാൻ നിബന്ധനകളോടെ ബഹു.സുപ്രീം കോടതി അനുവദിച്ചത് - സംബന്ധിച്ച്.**

11/2016 - ാം നമ്പർ തെരഞ്ഞെടുപ്പ് ഹർജിയിന്മേൽ കേരള ഹൈക്കോടതിയുടെ 9.11.2018-ലെ വിധി പ്രകാരം ശ്രീ.കെ.എം.ഷാജിയുടെ തെരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കുകയും രണ്ടാഴ്ചത്തേയ്ക്ക് ഉത്തരവിന്റെ പ്രാബല്യത്തിന് സ്റ്റേ നൽകുകയും ചെയ്തിരുന്നു. തുടർന്ന് സുപ്രീം കോടതിയിൽ സമർപ്പിച്ച 11183/2018-ലെ സിവിൽ അപ്പീലിൽ 27.11.2018 – ന് പുറപ്പെടുവിച്ച ഉത്തരവു പ്രകാരം നിബന്ധനകൾക്ക് വിധേയമായി ശ്രീ.കെ.എം.ഷാജിയെ നിയമസഭാ നടപടികളിൽ പങ്കെടുക്കാൻ അനുവദിച്ചിട്ടുണ്ട്. 12/2016 - ാം നമ്പർ തെരഞ്ഞെടുപ്പു ഹർജിയിലും 20.12.2018 – തീയതിയിൽ സമാനമായ ഉത്തരവ് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി.

27.11.2018 – ലെ 11183/2018 - ാം നമ്പർ സിവിൽ അപ്പീലിലും 11.01.2019 – ലെ 249/2019-ാം നമ്പർ സിവിൽ അപ്പീലിലും ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവുകൾക്കനുസൃതമായി നിയമസഭാ നടപടികളിൽ പങ്കെടുക്കുകയും രജിസ്റ്ററിൽ ഒപ്പുവെയ്ക്കുകയും ചെയ്യാമെന്നും എന്നാൽ വോട്ടു രേഖപ്പെടുത്താൻ പാടില്ലെന്നും, ധനകാര്യ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി ശ്രീ.കെ.എം.ഷാജിയ്ക്ക് നിയമസഭാ നടപടികളിൽ പങ്കെടുക്കാവുന്നതാണ്.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.